REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 18-10-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- വികസിത ഭാരത ലക്ഷ്യം യുവശക്തിയില്ലാതെ സാധ്യമല്ലെന്ന് കേന്ദ്രസഹമന്ത്രി ഡോ. ജിതേന്ദ്രസിംഗ്.
- ADM K നവീൻബാബുവിന്റെ മരണത്തിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ അനുശോചിച്ചു.
- നവീൻ ബാബുവിനെതിരെ ഒരു പരാതിയും കിട്ടിയിട്ടില്ലെന്ന് മന്ത്രി K രാജൻ. PP ദിവ്യക്കെതിരായ നടപടി CPIM ന്റെ ധീരമായ തീരുമാനമെന്ന് മന്ത്രി V ശിവൻകുട്ടി.
- കുറഞ്ഞ ചെലവിൽ മികച്ച സൗകര്യങ്ങളോടെ യാത്ര ചെയ്യാൻ KSRTC യിൽ സൗകര്യമൊരുമെന്ന് മന്ത്രി KB ഗണേഷ് കുമാർ.
- ബെംഗളൂരു ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയ്ക്കെതിരെ ന്യൂസിലാൻഡ് മികച്ച സ്കോറിലേക്ക്.

## വാർത്തകൾ വിശദമായി

വികസിത ഭാരതം എന്ന ലക്ഷ്യം യുവശക്തിയില്ലാതെ സാധ്യമല്ലെന്ന് കേന്ദ്രസഹമന്ത്രി ഡോ. ജിതേന്ദ്രസിംഗ് പറഞ്ഞു. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ മൻ കീ ബാത് പരമ്പരയെ ആസ്പദമാക്കി നെഹ്റു യുവകേന്ദ്ര സംഘടിപ്പിക്കുന്ന പ്രശ്നോത്തരിയുടെ സീസൺ 4 മത്സരങ്ങൾ കാര്യവട്ടം LNCPE യിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു കേന്ദ്ര സഹമന്ത്രി.

പത്തു വർഷത്തിനിടെ മോദി ഗവൺമെന്റ് യുവജനങ്ങളെ ശാക്തീകരിക്കുകയും, അവർക്ക് അന്തസ്സോടെ ജീവിക്കാൻ അവസരം

നൽകുകയുംചെയ്തു. ഇത് യുവാക്കളുടെ ആത്മവിശ്വാസം വർദ്ധിപ്പിച്ചതായും ജിതേന്ദ്രസിംഗ് പറഞ്ഞു.

മൻകി ബാത് കഴിഞ്ഞ സീസണിൽ താലൂക്ക് തല മത്സരത്തിൽ പങ്കെടുത്തവർക്ക് കേന്ദ്ര സഹമന്ത്രി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

✪✪✪

ജാർഖണ്ഡിൽ നിയമസഭാ തിരഞ്ഞെടുപ്പിന്റെ ആദ്യഘട്ട വിജ്ഞാപനം പുറത്തിറങ്ങി. അടുത്ത മാസം 13 ന് 43 മണ്ഡലങ്ങളിലാണ് ആദ്യഘട്ടത്തിൽ വോട്ടെടുപ്പ്. ഈ മാസം 25 ആണ് നാമനിർദേശ പത്രിക സമർപ്പിക്കാൻ അവസാന ദിവസം. രണ്ടാംഘട്ട വോട്ടെടുപ്പ് അടുത്ത മാസം 20നാണ്.

✪✪✪

ഇരുമ്പ് സത്ത് ചേർത്ത് സമ്പുഷ്ടീകരിച്ച അരിയിൽ സുരക്ഷാ പ്രശ്നങ്ങളില്ലെന്ന് കേന്ദ്രം വ്യക്തമാക്കി. തലാസീമിയ, അരിവാൾ രോഗം, അനീമിയ തുടങ്ങിയ രക്ത ജന്യ രോഗങ്ങൾ ബാധിച്ചവർക്ക് ഇതുകൊണ്ട് അപകടസാധ്യതയില്ലെന്ന് ഉപഭോക്തൃകാര്യ മന്ത്രാലയം അറിയിച്ചു.

✪✪✪

UGC നെറ്റ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. ജൂൺ-2024 ടേം പരീക്ഷ ഓഗസ്റ്റ് 21 മുതൽ സെപ്തംബർ 5 വരെ ഓൺലൈനായാണ് നടത്തിയത്. ആറ് ലക്ഷത്തി 84,224 പേർ പരീക്ഷയെഴുതി. ഇതിൽ 4,970 പേരാണ് ജെആർഎഫ് യോഗ്യത നേടിയത്. 53,694 പേർ അസിസ്റ്റന്റ് പ്രഫസർ യോഗ്യത നേടി.

✪✪✪

ADM K നവീൻ ബാബുവിന്റെ മരണത്തിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ അനുശോചിച്ചു. സംഭവം നിർഭാഗ്യകരമെന്നും കുടും ബത്തെ ഉടൻ നേരിട്ട് കണ്ട് ദുഃഖത്തിൽ പങ്കുചേരുമെന്നും ഗവർണർ പറഞ്ഞു .

✪✪✪

ADM നവീൻ ബാബുവിനെതിരെ ഒരു പരാതിയും കിട്ടിയിട്ടില്ലെന്ന് മന്ത്രി K രാജൻ അറിയിച്ചു. അദ്ദേഹത്തിന്റെ കുടുംബത്തെ ഗവണ്മെന്റ് ഒറ്റപ്പെടുത്തില്ലെന്നും ചേർത്ത് നിർത്തുമെന്നും മന്ത്രി പറഞ്ഞു.

കളക്ടർക്കെതിരായ ആരോപണത്തിൽ വിശദാംശം അറിയണമെന്നും അതിനുശേഷം തുടർ നടപടി ആലോചിക്കുമെന്നും K രാജൻ പറഞ്ഞു.

✪✪✪

കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് P.P ദിവ്യയ്ക്ക് എതിരായ നടപടി പാർട്ടിയുടെ ധീരമായ തീരുമാനമാണെന്ന് മന്ത്രി V ശിവൻകുട്ടി പറഞ്ഞു. ഗവൺമെന്റും പാർട്ടിയും സംഭവത്തെപ്പറ്റി അന്വേഷണം നടത്തുന്നുണ്ട്. കളക്ടർക്കെതിരായ വിമർശനവും ഗവൺമെന്റ് അന്വേഷണത്തിന്റെ ഭാഗമാണെന്നും അന്വേഷണത്തിന് ശേഷം തുടർ നടപടി ഉണ്ടാവുമെന്നും മന്ത്രി കണ്ണൂരിൽ മാധ്യമപ്രവർത്തകരോട് പറഞ്ഞു.

✪✪✪

കണ്ണൂർ ADM കെ നവീൻ ബാബുവിന്റെ ആത്മഹത്യയുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലാകലക്ടറിൽ നിന്ന് അന്വേഷണ സംഘം ഇന്ന് മൊഴി രേഖപ്പെടുത്തും. കലക്ടറുടെ സാന്നിധ്യത്തിൽ നടന്ന യാത്രയയപ്പ് ചടങ്ങിലായിരുന്നു ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് P P ദിവ്യയുടെപരാമർശം. ചടങ്ങ് കഴിഞ്ഞ് പിറ്റേദിവസം രാവിലെയായിരുന്നു ADM നെ താമസ സ്ഥലത്ത് മരിച്ച നിലയിൽ കണ്ടെത്തിയത്.

അതിനിടെ ജില്ലാ പഞ്ചായത്ത് സ്ഥാനം രാജിവെച്ച P P ദിവ്യ ഹൈക്കോടതിയിൽ മുൻകൂർ ജാമ്യ ഹർജി സമർപ്പിക്കുമെന്നാണ് വിവരം.CPIMജില്ലാ സെക്രട്ടേറിയറ്റ് നിർദ്ദേശത്തെ തുടർന്ന് ദിവ്യ ഇന്നലെയാണ് പ്രസിഡന്റ് സ്ഥാനം രാജിവെച്ചത്.

✪✪✪

ADM കെ നവീൻ ബാബുവിന്റെ യാത്രയയപ്പ് സമ്മേളനത്തിലേക്ക് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടിനെ ക്ഷണിച്ചത് ജില്ലാകളക്ടറാണെന്ന് CITU നേതാവും നവീൻബാബുവിന്റെ ബന്ധുവുമായ മലയാലപ്പുഴ മോഹനൻ പറഞ്ഞു. ഇതിനെതിരെ പരാതി നൽകുമെന്നും മോഹനൻ അറിയിച്ചു.

പത്തനംതിട്ട ജില്ലാസെക്രട്ടറി KP ഉദയഭാനുവും, കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടിനെതിരെ സംസ്ഥാന സെക്രട്ടറിയ്ക്ക് പരാതി നൽകിയിട്ടുണ്ട്.

✪✪✪

**ADM ന്റെ കുടുംബത്തിനോട് CPIM മാപ്പു ചോദിക്കണമെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ ആവശ്യപ്പെട്ടു. PP ദിവ്യയെ രക്ഷിക്കാൻ CPIM കള്ളപരാതി നൽകിയെന്നും അദ്ദേഹം ആരോപിച്ചു.**

**✪✪✪**

**ADM കെ നവീൻ ബാബുവിന്റെ ആത്മഹത്യയിലേക്ക് നയിച്ച സംഭവത്തിൽ കണ്ണൂർ ജില്ലാ കളക്ടർ ഉത്തരവാദിയാണെന്നും അദ്ദേഹത്തിന് എതിരെ നടപടിയെടു ക്കണമെന്നും BJP ജില്ലാ പ്രസിഡന്റ് N ഹരിദാസ് കണ്ണൂരിൽ വാർത്താ സമ്മേളനത്തിൽ ആവശ്യപ്പെട്ടു. ഇത് സംബന്ധിച്ച് കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിനും കേന്ദ്ര പേഴ്സണൽ മന്ത്രാലയത്തിനും കത്ത് അയച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.P P ദിവ്യയെ പാർട്ടിയിൽ നിന്ന് പുറത്താക്കണമെന്നും ജില്ലാ പഞ്ചായത്ത് അംഗത്വം രാജിവെക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.**

**✪✪✪**

**വടകര തിരഞ്ഞെടുപ്പിലെ UDF - BJP ബന്ധം സംബന്ധിച്ച ആരോപണം ഡോ. P സരിന്റെ വെളിപ്പെടുത്തലോടെ, യാഥാർത്ഥ്യമാണെന്ന് വ്യക്തമായതായി CPIM കേന്ദ്ര കമ്മറ്റിയംഗം A.K ബാലൻ പറഞ്ഞു. യോഗ്യനായ LDF സ്ഥാനാർത്ഥിയെ ഉടൻ പ്രഖ്യാപിക്കുമെന്നും ബാലൻ പാലക്കാട്ട് അറിയിച്ചു. സരിന്റെ വെളിപ്പെടുത്തലുകളായിരിക്കും ഈ തിരഞ്ഞെടുപ്പിലെ പ്രധാന ചർച്ചാവിഷയമെന്നും A.K ബാലൻ മാധ്യമങ്ങളോട് പറഞ്ഞു.**

**കോൺഗ്രസ് സ്ഥാനാർത്ഥിത്വത്തിനെതിരെ പരസ്യമായി പ്രതികരിച്ച ഡോ. P സരിനെ LDF സ്ഥാനാർത്ഥിയായി വൈകിട്ട് പ്രഖ്യാപിക്കുമെന്നാണ് രാഷ്ട്രീയ കേന്ദ്രങ്ങളുടെ വിലയിരുത്തൽ. BJP സംസ്ഥാന പ്രസിഡണ്ട് K സുരേന്ദ്രനടക്കം പ്രമുഖരെ BJP പരിഗണിക്കുന്നുണ്ടെന്നാണ് മാധ്യമറിപ്പോർട്ടുകൾ.**

**✪✪✪**

**കുറഞ്ഞ ചെലവിൽ ഏറ്റവും മികച്ച സൗകര്യങ്ങളോടെ യാത്ര ചെയ്യാൻ KSRTC യിൽ സൗകര്യമൊരുക്കുകയാണ് ലക്ഷ്യമെന്ന് മന്ത്രി KB ഗണേഷ് കുമാർ പറഞ്ഞു. അങ്കമാലി KSRTC ബസ് സ്റ്റേഷനിലെ ശീതീകരിച്ച വിശ്രമകേന്ദ്രം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. നിരവധി ആധുനിക സംവി ധാനങ്ങൾ KSRTC യിൽ നടപ്പാക്കി വരികയാണ്. ഒരു ദിവസം 9 കോടി രൂപ വരുമാനമുണ്ടാക്കുകയാണ് ലക്ഷ്യം. കഴിഞ്ഞ**

ദിവസം 8 കോടി 81 ലക്ഷം രൂപ വരെ വരുമാനം ലഭിച്ചതായും മന്ത്രിഅറിയിച്ചു.

ബസ് സ്റ്റേഷനുകളിൽ കംപ്യൂട്ടറൈസേഷൻ ഉടൻ നടപ്പാ ക്കും. ഇതിന് എംഎൽഎമാരുടെ ഫണ്ടിൽ നിന്ന് 10 ലക്ഷം രൂപ വീതം സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

കൊച്ചി നഗരത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡ് നടപ്പാക്കിയ പദ്ധതികൾ വൈകിട്ട് മന്ത്രി M.B രാജേഷ് ഉദ്ഘാടനം ചെയ്യും. യന്ത്രവത്കൃത ഖര മാലിന്യ നീക്കത്തിനായി റെഫ്യൂസ് കോംപാക്ടറുകളുടെ ഫ്ളാഗ് ഓഫ്, നവീകരിച്ച പൊതു ഇടങ്ങൾ, വൈറ്റില മൊബിലിറ്റി ഹബ്ബിലെ സർവീസ് റോഡ്, തുടങ്ങിയവ പദ്ധതിയുടെ ഭാഗമാണ്.

കലൂരിൽ GCDA നവീകരണം പൂർത്തിയാക്കിയ ആധുനിക മാർക്കറ്റ് കോംപ്ലക്സും മന്ത്രി ഉദ്ഘാടനം ചെയ്യും.

✪✪✪

മോട്ടോർ വാഹന വകുപ്പ് പൊതുജനങ്ങൾക്കായി തയാറാക്കിയ 'സിറ്റിസൺ സെന്റിനൽ ആപ്പ് മന്ത്രി K.B ഗണേഷ്കുമാർ കൊച്ചിയിൽ ഇന്ന് പ്രകാശനം ചെയ്യും. ഗതാഗത നിയമ ലംഘനങ്ങൾ പൊതുജനങ്ങൾക്ക് മൊബൈൽ ഫോണിൽ പകർത്തി ആപ്പിലൂടെ വാഹൻ സൈറ്റിൽ അപ്ലോഡ് ചെയ്യാം. ഇതിലൂടെ നിയമ ലംഘകരിൽ നിന്ന് പിഴ ഈടാക്കാൻ അധികൃതർക്ക് കഴിയും.

✪✪✪

സംസ്ഥാന സംസ്ഥാന സഹകരണ വകുപ്പിന്റെ കോപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ നാല് നഴ്സിംഗ് കോളേജുകൾ കൂടി തുടങ്ങുമെന്ന് മന്ത്രി V.N വാസവൻ ആലപ്പുഴയിൽ പറഞ്ഞു പത്തനാപുരം, ആറന്മുള, വടക്കാഞ്ചേരി, കിടങ്ങൂർ എന്നിവിടങ്ങളിലായിരിക്കും പുതിയ നഴ്സിംഗ് കോളേജുകൾ. ആലപ്പുഴ കേപ്പ് കോളേജ് ഓഫ് നേഴ്സിങ് പുന്നപ്ര അക്ഷരനഗരി ക്യാമ്പസിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

ബെംഗളൂരു M ചിന്നസ്വാമി സ്റ്റേഡിയത്തിൽ ഇന്ത്യയ്ക്കെതിരായ ആദ്യ ക്രിക്കറ്റ് ടെസ്റ്റിൽ മൂന്നാം ദിവസം ആദ്യ ഇന്നിംഗ്സിൽ ബാറ്റിംഗ്

പുനഃരാരംഭിച്ച ന്യൂസിലൻഡ് ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ ഏഴ് വിക്കറ്റിന് 363 റൺസെന്ന നിലയിലാണ്. ആദ്യ ഇന്നിംഗ്സിൽ ഇന്ത്യ 46 റൺസിന് പുറത്തായിരുന്നു. ഇതോടെ ന്യൂസിലാൻഡ് 317 റൺസ് ഒന്നാം ഇന്നിംഗ്സ് ലീഡു ലഭിച്ചു.

✪✪✪

ഡെൻമാർക്ക് ഓപ്പൺ വനിതാ സിംഗിൾസ് ക്വാർട്ടർ ഫൈനലിൽ ഇന്ത്യയുടെ P.V സിന്ധു ഇന്ന് ഇൻഡോനേഷ്യയുടെ ലോക എട്ടാം നമ്പർ താരം ഗ്രിഗോറിയ മരിസ്ക ടൻജുംഗിനെ നേരിടും.ഒഡെൻസിൽ വൈകിട്ട് 4:10 നാണ് മത്സരം. ഇന്നലെ പ്രീക്വാർട്ടറിൽ ചൈനയുടെ ഹാൻ യു വിനെയാണ് സിന്ധു പരാജയപ്പെടുത്തിയത് .

✪✪✪

അരിയിൽ ഷുക്കൂർ വധക്കേസിൽ വിചാരണാ നടപടികൾ ഇന്നാരംഭിക്കും. പ്രതികളെ എറണാകുളത്തെ പ്രത്യേക CBI കോടതി കുറ്റപത്രം വായിച്ച് കേൾപ്പിക്കും.

വധഗൂഢാലോചനയിൽ P. ജയരാജൻ, T V രാജേഷ് തുടങ്ങിയവർ പങ്കാളികളാണെന്നാണ് പൊലീസിന്റെ കണ്ടെത്തൽ.

✪✪✪

ആലുവയിൽ ജിം ട്രെയിനറായ കണ്ണൂർ സ്വദേശി സാബിത്തിനെ കൊലപ്പെടുത്തിയ പ്രതി പോലീസ് പിടിയിലായി. ഫിറ്റ്നസ് സെൻറർ നടത്തുന്ന കൃഷ്ണപ്രതാപ് എന്ന ആളെയാണ് ബന്ധുവിന്റെ വീട്ടിൽനിന്ന് പോലീസ് അറസ്റ്റ് ചെയ്തത്. പണം ഇടപാടുമായി ബന്ധപ്പെട്ട തർക്കമാണ് കൊലപാതകത്തിലേക്ക് നയിച്ചതെന്ന് കരുതുന്നു.

✪✪✪

ചെങ്ങന്നൂരിൽ ആനപ്പല്ലുമായി രണ്ടു പേരെ വനപാലകർ അറസ്റ്റ് ചെയ്തു. ഒരാൾ രക്ഷപ്പെട്ടു. ആനപ്പല്ല്സൂക്ഷിച്ച കാറും പിടിച്ചെടുത്തു.

✪✪✪

സംസ്ഥാനത്ത് തിങ്കളാഴ്ച വരെ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് ഒരു ജില്ലയിലും ജാഗ്രതാ മുന്നറിയിപ്പ് നൽകിയിട്ടില്ല.

✪✪✪

ഡെൻമാർക്ക് ഓപ്പൺ വനിതാ സിംഗിൾസ് ക്വാർട്ടർ ഫൈനലിൽ ഇന്ത്യയുടെ P.V സിന്ധു ഇന്ന് ഇൻഡോനേഷ്യയുടെ ലോക എട്ടാം നമ്പർ താരം ഗ്രിഗോറിയ മരിസ്ക ടൻജംഗിനെ നേരിടും.

✪✪✪

P.V അൻവറുമായി പാർട്ടിക്ക് ബന്ധമില്ലെന്ന് DMK സംഘടനാ സെക്രട്ടറി R.S ഭാരതി അറിയിച്ചു. അൻവർ പാർട്ടിയുടെ പേരോ പതാകയോ ഉപയോഗിച്ചാൽ നടപടി എടുക്കുമെന്നും DMK വ്യക്തമാക്കി.

✪✪✪

ഗാന രചയിതാവ് പി.ഭാസ്കരന്റെ ജൻമ ശതാബ്ദിയോടനുബന്ധിച്ച് ആകാശവാണി കണ്ണൂർ നിലയത്തിന്റെ കണ്ണീരും സ്വപ്നങ്ങളും പ്രഭാഷണ പരമ്പരയുടെ ഭാഗമായി നാളെ രാവിലെ കണ്ണൂർ ജവഹർ ലൈബ്രറി ഓഡിറ്റോറിയത്തിൽ പാട്ടുകൂട്ടായ്മ സംഘടിപ്പിക്കും. P ഭാസ്കരന്റെ 100 ഗാനങ്ങൾ കോർത്തിണക്കിയ പരിപാടി ഗായകൻ V.T മുരളി ഉദ്ഘാടനം ചെയ്യും.

✪✪✪

കോഴിക്കോട്ട് നാളെ K രാഘവൻ മാസ്റ്റർ അനുസ്മരണം സംഘടിപ്പിക്കും. PP ശ്രീധരനുണ്ണി വൈകിട്ട് ഉദ്ഘാടനം ചെയ്യുന്ന പരിപാടിയിൽ രാഘവീയം ഗാനാലാപനവും ഉണ്ടായിരിക്കും. ബീച്ച് ആശുപത്രിയ്ക്ക് സമീപം കലാ മെഹ്ഫിൽ സ്ക്വയറിലാണ് പരിപാടി.

✪✪✪

സ്വർണവില പുതിയ ഉയരത്തിലേക്ക്. ഗ്രാമിന് 80 രൂപ കൂടി 7,240 രൂപയായി - പവന് 57,920 രൂപയാണ് ഇന്നത്തെ വില.

✪✪✪

കോഴിക്കോട് പനങ്ങാട് വട്ടോളിയിൽ വീട്ടിൽ സൂക്ഷിച്ച 13 കിലോഗ്രാമോളം ചന്ദനമുട്ടികൾ പിടികൂടി. കോഴിക്കോട് ഫ്ലയിംഗ് സ്ക്വാഡും പെരുവണ്ണാമൂഴി ഫോറസ്റ്റ് ചേർന്നാണ് പിടികൂടിയത്.

✪✪✪